# പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 144

25.04.2017 ൽ മറുപടിക്ക്

## പോലീസ് മേധാവിയായിരുന്ന സെൻകുമാറിനെ മാറ്റിയ നടപടി

**ചോദ്യം:**

**ശ്രീ. ഹൈബി ഈഡൻ**

**ഉത്തരം :**

**ശ്രീ.പിണറായി വിജയൻ**
**മുഖ്യമന്ത്രി**

**(എ)** സംസ്ഥാന പോലീസ് മേധാവിയായിരുന്ന ശ്രീ.റ്റി.പി.സെൻകുമാറിനെ പ്രസ്തുത സ്ഥാനത്ത് നിന്നും മാറ്റിയത് കഴിവില്ലാത്ത ആളാണെന്ന വിലയിരുത്തലിന്റെ അടിസ്ഥാനത്തിലും, ജനങ്ങൾക്ക് പോലീസിലുള്ള വിശ്വാസം സംരക്ഷിക്കുന്നതിനും വേണ്ടിയായിരുന്നോ;

**(എ)** 2011-ലെ കേരള പോലീസ് ആക്ടിലെ വകുപ്പ് 97(2) (e) പ്രകാരം സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ചാണ് ശ്രീ.ടി.പി.സെൻകുമാറിനെ സംസ്ഥാന പോലീസ് മേധാവി സ്ഥാനത്തുനിന്ന് മാറ്റിയത്.

**(ബി)** അദ്ദേഹത്തെ പ്രസ്തുത സ്ഥാനത്ത് നിന്നും നീക്കുവാനുള്ള ഉത്തരവ് പുറപ്പെടുവിച്ചത് എന്നാണ്;

**(ബി)** 01.06.2016-ൽ

**(സി)** ജിഷാ വധക്കേസും, പുറ്റിങ്ങൽ വെടിക്കെട്ടപകടവും കൈകാര്യം ചെയ്തതിൽ പോലീസ് മേധാവിയെന്ന നിലയിൽ ശ്രീ.റ്റി.പി.സെൻകുമാറിന്റെ ഭാഗത്ത് നിന്നും ഉണ്ടായ വീഴ്ചകൾ എന്തൊക്കെയാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്;

**(സി)** പെരുമ്പാവൂർ ജിഷ കൊലപാതക കേസ്സിലും പരവൂർ പുറ്റിങ്ങൽ ദേവീക്ഷേത്രത്തിലെ വെടിക്കെട്ട പകടത്തിലും പോലീസിന്റെ ഭാഗത്തു നിന്നുണ്ടായ ഗുരുതരമായ വീഴ്ചകളും അതിനുത്തരവാദികളായ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനും പകരം അവരെ സംരക്ഷിക്കുന്നതിനുവേണ്ടി സർക്കാർ നിർദ്ദേശം പോലും അവഗണിച്ചുകൊണ്ട് നിലപാട് സ്വീകരിച്ചതും പുറ്റിങ്ങൽ ദേവീക്ഷേത്രത്തിലെ വെടിക്കെട്ടപകടത്തിൽ പോലീസിന്റെ ഭാഗത്തു നിന്നുണ്ടായ വീഴ്ചകൾ സമ്മതിക്കാതെ ജില്ലാ ഭരണകൂടത്തിന്റെയും മറ്റ് വകുപ്പുകളുടെയും പേരിൽ പ്രത്യാരോപണം നടത്തിയതുമാണ് പ്രധാനമായും കണ്ടെത്തിയ വീഴ്ചകൾ.

| | |
|---|---|
| **(ഡി)** കുണ്ടറയിലും, വാളയാറിലും പ്രായപൂർത്തിയാകാത്ത പെൺകുട്ടികൾ പീഡനത്തിനിരയായി മരണപ്പെട്ട സംഭവങ്ങളുടെ അന്വേഷണത്തിൽ പോലീസിന്റെ ഭാഗത്ത് നിന്നുണ്ടായ വീഴ്ചയുടെ ഉത്തരവാദിത്വം പ്രസ്തുത കേസുകൾ അന്വേഷിച്ച സർക്കിൾ ഇൻസ്പെക്ടർ റാങ്കിലും, അതിനു താഴെയുമുള്ള ഉദ്യോഗസ്ഥരുടെ മാത്രം വീഴ്ചയായിരുന്നോ; പ്രസ്തുത അന്വേഷണത്തിലുണ്ടായ വീഴ്ചയിൽ നിലവിലെ സംസ്ഥാന പോലീസ് മേധാവിക്ക് ഉത്തരവാദിത്വമുണ്ടോ; | **(ഡി)** രണ്ടു കേസ്സുകളിലും അന്വേഷണ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് വീഴ്ചയുണ്ടായതായി പ്രാഥമിക അന്വേഷണത്തിൽ കണ്ടെത്തിയിരുന്നു. അതിന് സംസ്ഥാന പോലീസ് മേധാവിയ്ക്ക് ഉത്തരവാദിത്വമുണ്ടായിരുന്നോ എന്ന കാര്യം പരിശോധിച്ചിട്ടില്ല. |
| **(ഇ)** മേല്പറഞ്ഞ കേസുകളിൽ പോലീസ് നടത്തിയ അന്വേഷണം ജനങ്ങളിൽ പോലീസിലുള്ള വിശ്വാസം വർദ്ധിപ്പിക്കുന്നതിന് ഉതകുന്ന ഒന്നായിരുന്നു എന്ന് സർക്കാർ കരുതുന്നുണ്ടോ? | **(ഇ)** കേസ്സന്വേഷണം നടക്കുമ്പോൾ ജനങ്ങളിൽ പോലീസിനുള്ള വിശ്വാസം വർദ്ധിപ്പിക്കുന്ന തരത്തിലായിരിക്കണം അന്വേഷണം എന്ന് നിർബന്ധം വയ്ക്കാൻ ആവില്ല. എന്നാൽ കേസ്സന്വേഷണം ജനങ്ങൾക്ക് പോലീസിലുള്ള വിശ്വാസം നഷ്ടപ്പെടുന്ന തരത്തിൽ ആകാതിരിക്കാൻ അന്വേഷണ ഉദ്യോഗസ്ഥരും പോലീസിന്റെ തലപ്പത്തുള്ളവരും ശ്രദ്ധിക്കേണ്ടതുണ്ട്. |

Manoj M

**സെക്ഷൻ ഓഫീസർ**